മായ വരൾച്ച നേരിടാൻ കേന്ദ്ര സഹായം അഭ്യർഥിക്കുമെന്ന് റവന്യുമന്ത്രി കെ.എം.മാണി പറഞ്ഞു. കാർഷിക മേഖലയിലേതുൾപ്പെടെ 1250 കോടി രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്.

അതേസമയം, സംസ്ഥാനത്ത് വരൾച്ച ദുരിതാശ്വാസത്തിന് സമ്പൂർണ ഗ്രാമീണ റോസ്ഗാർ യോജന പ്രകാരം കേന്ദ്ര സർക്കാർ 25,000 ടൺ ഭക്ഷ്യധാന്യം അനുവദിച്ചതായി മുഖ്യമന്ത്രി എ.കെ.ആൻറണി അറിയിച്ചു.

ഭൂരിപക്ഷം ജില്ലകളും വരൾച്ചാബാധിതമെന്ന് ജില്ലാ കലക്ടർമാരുടെ പ്രത്യേക യോഗത്തിൽ റവന്യുമന്ത്രി പറഞ്ഞു. കൃഷിനാശവും കുടിവെള്ളക്ഷാമവും രൂക്ഷമായിരിക്കുകയാണ്. ഇതു നേരിടാൻ കർശന നടപടി സ്വീകരിക്കണമെന്ന് മന്ത്രി കലക്ടർമാർക്ക് നിർദ്ദേശം നല്കി.

കുളങ്ങളും കിണറുകളും ആഴം കൂട്ടുകയും പുനരുദ്ധരിക്കുകയും വേണം. ആവശ്യാനുസരണം കുഴൽക്കിണറുകൾ നിർമ്മിക്കണം, ലോറികളിലെത്തിക്കുന്ന കുടിവെള്ളം ശേഖരിക്കാൻ ഉൾപ്രദേശങ്ങളിൽ ടാങ്കുകൾ പണിയ

ജോലിക്കു പകരം ഭക്ഷണം പദ്ധതി പ്രകാരമാണ് കേന്ദ്ര സർക്കാർ 25,000 ടൺ ധാന്യം അനുവദിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു. രണ്ട് ലക്ഷം ടൺ ഭക്ഷ്യധാന്യം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഉപപ്രധാനമന്ത്രി എൽ.കെ. അദ്വാനിക്ക് നേരത്തെ മുഖ്യമന്ത്രി കത്തയച്ചിരുന്നു.

റവന്യു റിക്കവറി നടപടി ഊർജിതമാക്കാനും ഭൂരേഖകളുടെ ഡാറ്റാ എൻട്രി ഫിബ്രവരി 28നകം പൂർത്തിയാക്കാനും ജില്ലാ കലക്ടർമാരുടെ യോഗത്തിൽ മന്ത്രി മാണി നിർദ്ദേശിച്ചു.

# ഇന്തോനേഷ്യയുടെ മനം ഇന്ത്യൻ സംഗീതം കവരുന്നു

വെച്ചൂച്ചിറ മധു



സുനിലും സുനിതയും

**പാലക്കാട്:** ഇന്ത്യൻ സംഗീതവുമായി മലയാളി ദമ്പതിമാർ ഇന്തോനേഷ്യയുടെ ഹൃദയം കവരുന്നു. ചെർപ്പുളശ്ശേരി 'ശ്രുതി'യിൽ സുനിലും ഭാര്യ പാലക്കാട് കൊപ്പം 'സാഹിതി'യിൽ സുനിതയുമാണ് ജക്കാർത്തയിൽ പാട്ടിൻെറ പാലാഴി തീർക്കുന്നത്.

പാലക്കാട് എൻ.എസ്.എസ്. എഞ്ചിനീയറിങ്ങ് കോളേജിൽനിന്ന് ബിരുദമെടുത്ത സുനിൽ 97 മുതൽ ജക്കാർത്തയിലെ ഒരു പവർ പ്ലാൻറിൽ എഞ്ചിനീയറായി പ്രവർത്തിക്കുന്നു. ബാലസാഹിത്യകാരനായിരുന്ന പരേതനായ പി. നരേന്ദ്രനാഥിൻെറ മകൾ സുനിത കാനറാ ബാങ്കിലെ ജോലി ഉപേക്ഷിച്ചാണ് ഭർത്താവിനോടൊപ്പം ജക്കാർത്തയിൽ സ്ഥിരതാമസമാക്കിയത്.

സുനിത 10 വയസ്സു മുതൽ പാട്ടു പഠിച്ചിട്ടുണ്ട്. സുനിൽ കോളേജിൽ പഠിക്കുമ്പോൾ ഗായകനായിരുന്നു. ജക്കാർത്തയിൽ സ്ഥിരതാമസമാക്കിയപ്പോഴാണ് അവിടെ ഇന്ത്യൻ സംഗീതത്തോടുള്ള ആരാധന അറിയാൻ കഴിഞ്ഞത്. ഇന്തോനേഷ്യയിൽ മലയാളികൾ കുറവാണെങ്കിലും ലോകത്തെ ഏറ്റവും വലിയ ഈ മുസ്ലീം രാഷ്ട്രത്തിൽ ഇന്ത്യക്കാർ ഏറെയുണ്ട്. രാമായണവും മഹാഭാരതവും തങ്ങളുടെ പൈതൃകസ്വത്താണെന്ന് അവകാശപ്പെടുന്ന ഇന്തോനേഷ്യക്കാർ ഹിന്ദിഗാനങ്ങൾ ഏറെ ഇഷ്ടപ്പെടുന്നു.

ഗായകദമ്പതികൾ ചേർന്ന് 99-ൽ 'സാഹിതി' എന്ന പേരിൽ ഒരു സംഗീതട്രൂപ്പ് രൂപീകരിച്ചപ്പോൾ ആവേശകരമായ പ്രതികരണമാണ് ലഭിച്ചത്. ഇന്തോനേഷ്യക്കാരായ 10 പേരെ ഭാഷ പഠിപ്പിച്ച് ഓർക്കസ്ട്രക്കാരാക്കി. സുനിത ഒരു സംഗീത സ്കൂളും നടത്തുന്നു.

'ഗതകാല സ്മരണകൾ' എന്ന പേരിൽ സുനിലും സുനിതയും ചേർന്നു പാടിയ പാട്ടുകളുടെ കാസറ്റ് ഹിന്ദി, തമിഴ്, തെലുങ്ക്, ഇന്തോനേഷ്യൻ ഭാഷകളിലേക്ക് ഡബ്ബ് ചെയ്തു കഴിഞ്ഞു. മലയാളത്തിലെ ആദ്യത്തെ പോപ്പ് ആൽബത്തിൽ സുനിതാ റാവുവിനോടൊപ്പം സുനിൽ പാടിയിട്ടുണ്ട്. അവധിക്ക് നാട്ടിൽ എത്തിയിട്ടുള്ള ദമ്പതിമാർ ചില സംഗീത പ്രോജക്ടുകളുടെ പണിപ്പുരയിലാണ്. 'അഷ്ടലീലകൾ' എന്ന പേരിൽ കൃഷ്ണലീലകൾ അഷ്ടരാഗത്തിൽ അവതരിപ്പിക്കുന്ന ഓഡിയോ ആൽബം ചെയ്യാൻ ഉദ്ദേശിക്കുന്നു. രമേശ് നാരായണൻെറ സംഗീതത്തിൽ സുനിലും സുനിതയുമാണ് പാടുന്നത്.

സുനിത-സുനിൽ ദമ്പതിമാർക്ക് ഒരു മകനുണ്ട്, നാലുവയസ്സുകാരനായ ദേവപ്രസാദ്.